**അനുമോദനം**

മീരാബായ് ചാനുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിംപിക്സിൽ 49 കിലോ വനിതാ വിഭാഗത്തിലെ ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യയുടെ മീരാബായ് ചാനു ആദ്യദിവസംതന്നെ വെള്ളി മെഡൽ നേടിയിരിക്കുകയാണ്. 2016-ലെ റിയോ ഒളിംപിക്സിലെ പരാജയത്തിൽ തളരാതെ ആത്മസമർപ്പണത്തോടെയും കഠിനാദ്ധ്വാനത്തോടെയും വിജയത്തിലേയ്ക്ക് ഭാരമുയർത്തിയ മീരാബായ് ചാനുവിന്റെ വിജയം രാജ്യത്തിനാകെ അഭിമാനകരമാണ്. സ്നാച്ചിൽ 87 കിലോയും ക്ലീൻ ആൻഡ് ജെർക്കിൽ 115 കിലോയും ഉയർത്തിയാണ് മീരാബായ് ചാനു ടോക്കിയോ ഒളിംപിക്സിൽ നേട്ടം കൊയ്തത്. ശ്രീമതി കർണ്ണം മല്ലേശ്വരിക്കുശേഷം ഇന്ത്യയിലേയ്ക്ക് ഒളിംപിക്സ് ഭാരോദ്വഹന മത്സരത്തിൽ മെഡൽ കൊണ്ടുവരാൻ മീരാബായ് ചാനുവിന് കഴിഞ്ഞുവെന്നത് നമുക്കെല്ലാവർക്കും അഭിമാനവും ആവേശവും നൽകുന്നതാണ്. മണിപ്പൂരിലെ പാവപ്പെട്ട കുടുംബത്തിൽ പിറന്ന മീരാബായ് ചാനു മരംവെട്ടി രണ്ട് കിലോമീറ്റർ ചുമന്ന് നടന്നുനേടിയ ജീവിത പരിശീലനം അവരുടെ വിജയത്തിന്റെ അടിത്തറയായി നിലകൊള്ളുന്നു. 26 വയസ്സുകാരിയായ മീരാബായ് ചാനുവിന് തുടർന്നും അഭിമാനകരമായ

നേട്ടങ്ങൾ രാജ്യത്തിനായി കൈവരിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

കേരള നിയമസഭയുടെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.